ആർ.ഒ.സി.നം.41/16/എസ്. ദേവസ്വം കമ്മീഷണർ ഓഫീസ്
തിരുവനന്തപുരം: 19/07/2016.

**ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്**

വിഷയം:- 2016-17-ലെ ഹരിപ്പാട് ഗ്രൂപ്പിനുള്ളിലെ ഫുൾടൈം ശാന്തിക്കാരുടെ സ്ഥലം മാറ്റം സംബന്ധിച്ച്.

സൂചന:- ഹരിപ്പാട് ഗ്രൂപ്പിലെ ഫുൾടൈം ശാന്തിക്കാരുടെ അപ്പീൽ അപേക്ഷകൾ.

2016-17-ലെ ഹരിപ്പാട് ഗ്രൂപ്പിനുള്ളിൽ നടപ്പിലാക്കിയ സ്ഥലംമാറ്റ അപ്പീൽ അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടിവിവരം ചുവടെ ചേർക്കുന്നു.

1) **ശ്രീ. ബി. എസ്. ദേവദാസ്**

**ആവശ്യപ്പെട്ട ദേവസ്വങ്ങൾ:-** പാതിരംകുളങ്ങര, തെക്കൻകാവ്കുളങ്ങര, നഗരി എന്നീ ക്രമത്തിലാണെന്നും, എന്നാൽ ടിയാൻ ആവശ്യപ്പെടാത്ത കന്യാട്ട്കുളങ്ങര ദേവസ്വത്തിലേയ്ക്കാണ് സ്ഥലം മാറ്റിയതെന്നുമാണ് അപ്പീലിൽ ബോധിപ്പിക്കുന്നത്.

പതരംകുളങ്ങര ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റിയ ശ്രീ. പരമേശ്വരൻ നമ്പൂതിരിയെ പ്യൂൺ തസ്തികയിലേയ്ക്ക് മാറ്റി നിയമിച്ചിട്ടുള്ളതിനാൽ, പ്രസ്തുത ഒഴിവിലേയ്ക്ക് ശ്രീ. ബി.എസ്. ദേവദാസിനെ സ്ഥലം മാറ്റി ഉത്തരവാകുന്നു.

2) **ശ്രീ. എസ്. കൃഷ്ണൻനമ്പൂതിരി**

**ആവശ്യപ്പെട്ട ദേവസ്വങ്ങൾ:-** തെക്കൻകാവ്, പാണ്ഡവർകാവ്, ഏവൂർ എന്നീ ക്രമത്തിലാണെന്നും, എന്നാൽ ടിയാൻ ആവശ്യപ്പെടാത്ത കുറ്റികുളങ്ങര ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റിയതെന്നും, ടിയാന്റെ മൂന്നാം ചോയിസായ ഏവൂർ ദേവസ്വത്തിൽ മുൻപ് ജോലി നോക്കിയിട്ടുള്ള ആൾക്കാണ് നൽകിയതെന്നും ടിയാന്റെ പരാതിയിൽ ബോധിപ്പിക്കുന്നു.

ശ്രീ. എസ്. കൃഷ്ണൻ നമ്പൂതിരി ആവശ്യപ്പെട്ട ഒന്നും, രണ്ടും ചോയിസുകളിൽ ഒഴിവില്ലാത്തതിനാലും, മൂന്നാം ചോയിസായ ഏവൂർ ദേവസ്വത്തിൽ പെൻഷനാകാൻ ഒരു വർഷം മാത്രമുള്ള ജീവനക്കാരന് നൽകിയതിനാലും ടിയാന്റെ അപ്പീൽ അപേക്ഷ നിരസിക്കുന്നു.

പ്രസ്തുത സ്ഥലം മാറ്റങ്ങൾ 20/07/2016 മുതൽ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

(ഒപ്പ്)
**ദേവസ്വം കമ്മീഷണർ.**

**അംഗീകാരത്തോടെ,**

**ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ,**
**(അഡ്മിനിസ്ട്രേഷൻ).**

പകർപ്പ്:-
1) സെക്ഷൻ ഫയൽ.
2) ഫെയർ ആഫീസ് കോപ്പി.
3) EDP സെക്ഷൻ
ശ്രീ.

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

നന്തൻകോട്, തിരുവനന്തപുരം.
ഫോൺ : 0471 2315156; ഫാക്സ്:0471 2315156;
ഇമെയിൽ: devaswomcommissionertdb@gmail.com
ദേവസ്വം കമ്മീഷണർ ഓഫീസ്

ആർ.ഒ.സി. 38/16/മിസ് എ  തിരുവനന്തപുരം, 15/07/2017

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

വിഷയം :- 2016 - 17 ലെ ഹരിപ്പാട് ഗ്രൂപ്പിനകത്തെ പൊതുസ്ഥലമാറ്റം- വാച്ചർ ലാവണത്തിലെ അപ്പീൽ അപേക്ഷകൾ സംബന്ധിച്ച്.

സൂചന : - 1) ഹരിപ്പാട് ദേവസ്വം വാച്ചർ ശ്രീ.ജി.രഘുനാഥമേനോന്റെ അപേക്ഷ.
2) കരുണാമുറ്റം ദേവസ്വം വാച്ചർ ശ്രീ.എൻ.രാജന്റെ അപേക്ഷ.

1) ശ്രീ..ജി.രഘുനാഥമേനോൻ, വാച്ചർ, ഹരിപ്പാട് ദേവസ്വം

ടിയാൻ പൊതു സ്ഥലംമാറ്റത്തിൽ നങ്ങ്യാർകുളങ്ങര, മണിമംഗലം, കണിച്ചനല്ലൂർ എന്നീ ദേവസ്വങ്ങൾ ആവശ്യപ്പെട്ടിരുന്നെങ്കിലും ടിയാനെ പരിഗണിച്ചിട്ടില്ലെന്നും ആകയാൽ ടിയാന്റെ അപ്പീൽ അപേക്ഷ പരിഗണിച്ച് അപേക്ഷിച്ചിട്ടുള്ള ഏതെങ്കിലും ദേവസ്വത്തി ലേയ്ക്ക് മാറ്റം നൽകണമെന്ന് ബോധിപ്പിച്ചിട്ടുള്ളതാണ്.

ടിയാന്റെ അപ്പീൽ അപേക്ഷ പരിഗണിച്ച് ടിയാന്റെ ആദ്യ ചോയ്സായ നങ്ങ്യാർകുളങ്ങര ദേവസ്വത്തിലേയ്ക്ക് സ്ഥലംമാറ്റം നൽകിയും ആ ദേവസ്വത്തിൽ ഗ്രൂപ്പ് വിട്ട് സ്ഥലംമാറിവന്നിട്ടുള്ള ശ്രീ.ഉണ്ണികൃഷ്ണനെ ഹരിപ്പാട് ദേവസ്വത്തിൽ നിയോഗിച്ചും ഉത്തരവാകുന്നു.

2) ശ്രീ..എൻ.രാജൻ, വാച്ചർ, കരുണാമുറ്റം ദേവസ്വം

ടിയാൻ പൊതുസ്ഥലംമാറ്റത്തിൽ കാഞ്ഞൂർ, വലിയകുളങ്ങര, ഏവൂർ എന്നീ ദേവസ്വങ്ങളിലേയ്ക്ക് സ്ഥലംമാറ്റം ആവശ്യപ്പെട്ടിരുന്നതും, ആവശ്യപ്പെടാത്ത നങ്ങ്യാർ കുളങ്ങരയിലേയ്ക്ക് സ്ഥലംമാറ്റിയിട്ടുള്ളതുമാണെന്നും, സർവ്വീസിൽ നിന്ന് വിരമിക്കാൻ കേവലം രണ്ടു വർഷത്തിൽ താഴെമാത്രമേ ഉള്ളൂ എന്നും ആകയാൽ ടിയാന്റെ അപേക്ഷ പരിഗണിക്കണമെന്നും അഭ്യർത്ഥിച്ചിട്ടുള്ളതുമാണ്.

സർവ്വീസിൽ നിന്ന് വിരമിക്കുന്നതിന് രണ്ടുവർഷത്തിൽ താഴെ മാത്രമാണെന്നത് പരിഗണിച്ച് ടിയാനെ കാഞ്ഞൂർ ദേവസ്വത്തിലേയ്ക്കും, അവിടേക്ക് സ്ഥലംമാറ്റിയിട്ടുള്ള ശ്രീ.രവീന്ദ്രൻ നായരെ വാതല്ലൂർ ദേവസ്വത്തിലേയ്ക്കും, ടി ദേവസ്വത്തിലെ ശ്രീ.വിനോദ് കുമാറിനെ (ഡ്യൂട്ടി വ്യവസ്ഥയിൽ ജോലി നോക്കുന്ന) കണിച്ചനല്ലൂരിലേയ്ക്കും മാറ്റി നിയോഗിച്ച് ഉത്തരവാകുന്നു.

സ്ഥലംമാറ്റ ഉത്തരവ് 20.07.2016-ൽ പ്രാബല്യത്തിൽ വരുത്തേതാണ്.

(ഒപ്പ്)
ദേവസ്വം കമ്മീഷണർ

പകർപ്പ്:-
1) അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, ഹരിപ്പാട്
2) ഇ.ഡി.പി. സെക്ഷൻ, ബോർഡാഫീസ്
3) ഫെയർ ആഫീസ് കോപ്പി.

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം, 13/7/2016

ആർ.ഒ.സി. നം: 39/16/മിസ്.സി.

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

വിഷയം:- ഹരിപ്പാട് ഗ്രൂപ്പിലെ തകിൽ ജീവനക്കാരുടെ 2016-17-ലെ പൊതു സ്ഥലം മാറ്റം സംബന്ധിച്ച്.

സൂചന :- നഞ്ല്യാർകുളങ്ങര ദേവസ്വം തകിൽശ്രീ.കെ.രഘുനാഥൻ നായർ, പത്തിയൂർ ദേവസ്വം തകിൽ ശ്രീ. ശ്രീനു ആചാരി എന്നിവരുടെ അപ്പീൽ അപേക്ഷകൾ.

1. ശ്രീ.കെ. രഘുനാഥൻ നായർ (നഞ്ല്യാർകുളങ്ങര ദേവസ്വം)

ടിയാൻ പൊതുസ്ഥലം മാറ്റത്തിൽ ഏവൂർ, രാമപുരം എന്നീ ദേവസ്വങ്ങളാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ടിയാന്റെ ആദ്യ ചോയ്സായ ഏവൂർ ദേവസ്വത്തിൽ മൂന്നു വർഷം ജോലി നോക്കിയ ആളെയാണ് പരിഗണിച്ചിട്ടുള്ളതെന്നും, ടിയാന്റെ ആദ്യ ചോയ്സ് ആയ ഏവൂർ ദേവസ്വത്തിൽ സ്ഥലം മാറ്റം നൽകണമന്നാണ് അപ്പീലിൽ വിവരിച്ചിരിക്കുന്നുത്.

ടിയാന്റെ സ്റ്റേഷൻ സീനിയോറിറ്റി മൂന്നു വർഷം തികയാത്തതിനാൽ അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു.

2. ശ്രീ. ശ്രീനു ആചാരി. ( പത്തിയൂർ ദേവസ്വം)

ടിയാൻ പൊതു സ്ഥലം മാറ്റത്തിൽ കരുവാറ്റകുളങ്ങര, നഞ്ല്യാർകുളങ്ങര, വലിയകുളങ്ങര എന്നീ ദേവസ്വങ്ങളാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ടിയാനെ പത്തിയൂർ ദേവസ്വത്തിൽ തന്നെ നിലനിർത്താനാണ് അപ്പീലിൽ ആവശ്യപ്പെട്ടിട്ടുള്ളത്.

ടി ഗ്രൂപ്പിൽ സീനിയർക്ക് സ്ഥലം മാറ്റം നൽകിയിട്ടുള്ളതിനാൽ, ടിയാന്റെ അപ്പീൽ അപേക്ഷ നിരസിച്ചു ഉത്തരവാകുന്നു.

ടി സ്ഥലം മാറ്റങ്ങൾ 20-7-2016-ൽ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

(ഒപ്പ്)
ദേവസ്വം കമ്മീഷണർ

അംഗീകാരത്തോടെ

Sreekala

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

പകർപ്പ്:-

1. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, ഹരിപ്പാട്.
2. സെക്ഷൻഫയൽ.

ശ. 3 EDP Section

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം, 13/7/2016

ആർ.ഒ.സി. നം: 39/16/മിസ്.ജി.

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

വിഷയം:- ഹരിപ്പാട് ഗ്രൂപ്പിലെ നാദസ്വരം ജീവനക്കാരുടെ 2016-17-ലെ പൊതു സ്ഥലം മാറ്റം സംബന്ധിച്ച്.

സൂചന :- നങ്ങ്യാർകുളങ്ങര ദേവസ്വം നാദസ്വരം, ശ്രീ.കെ. ഹരികുമാർ, കരുവാറ്റകുളങ്ങര ദേവസ്വം നാദസ്വരം, ശ്രീ.എസ്.ബിജുകുമാർ, വലിയകുളങ്ങര ദേവസ്വം ശ്രീ.പി.മനോജ്കുമാർ എന്നിവരുടെ അപ്പീൽ അപേക്ഷകൾ.

1. ശ്രീ.കെ. ഹരികുമാർ (നങ്ങ്യാർകുളങ്ങര ദേവസ്വം)

ടിയാൻ പൊതുസ്ഥലം മാറ്റത്തിൽ വെട്ടികുളങ്ങര ദേവസ്വം ഫസ്റ്റ് ചോയ്സായി അപേക്ഷ നൽകിയിട്ടുള്ളതും, ടിയാനെ നങ്ങ്യാർകുളങ്ങര ദേവസ്വത്തിൽ തന്നെ നിലനിർത്തി. ടി വെട്ടികുളങ്ങര ദേവസ്വത്തിൽ തന്നെക്കാൾ ജൂനിയറും സ്റ്റേഷൻ സീനിയോറിറ്റി മൂന്നുവർഷം തികഞ്ഞിട്ടില്ലാത്തതുമായ ആളെ സ്ഥലം മാറ്റം നൽകി എന്നാണ് അപ്പീലിൽ വിവരിച്ചിരിക്കുന്നത്.

ടിയാന്റെ അപ്പീൽ അപേക്ഷ പരിശോധിച്ചതിൽ സീനിയറായ അപേക്ഷകനെ തന്നെ വെട്ടികുളങ്ങര ദേവസ്വത്തിൽ പരിഗണിച്ചിട്ടുള്ളത് എന്നു കാണുന്നതിനാൽ അപ്പീൽ അപേക്ഷ നിരസിച്ചു ഉത്തരവാകുന്നു.

2. ശ്രീ.എസ്. ബിജുകുമാർ ( കരുവാറ്റകുളങ്ങര ദേവസ്വം)

ടിയാൻ പൊതുസ്ഥലം മാറ്റത്തിൽ ഏവൂർ, കാഞ്ഞൂർ, വലിയകുളങ്ങര എന്നീ ദേവസ്വങ്ങളാണ്. ആവശ്യപ്പെട്ടിട്ടുള്ളത്.

ഏവൂർ ദേവസ്വത്തിൽ ടിയാൻ ജോലി ചെയ്തിട്ടുള്ളതിനാലും, മറ്റ് ചോയ്സിൽ ഒഴിവില്ലാത്തതിനാലും ടിയാന്റെ അപ്പീൽ അപേക്ഷ നിരസിച്ചുത്തരവാകുന്നു.

3. ശ്രീ. പി. മനോജ്കുമാർ (വലിയകുളങ്ങര ദേവസ്വം

ടിയാൻ പൊതുസ്ഥലംമാറ്റത്തിൽ ഏവൂർ ദേവസ്വം ഫസ്റ്റ് ചോയ്സായി കാണിച്ച് അപേക്ഷ ആവശ്യപ്പെട്ടിട്ടുള്ളതും , ടിയാന്റെ അപേക്ഷ പരിഗണിച്ചെല്ലെന്നും ഒരു വർഷം സ്റ്റേഷൻ സീനിയറായ ആളിനെയാണ് ടി ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റം നൽകിയിരിക്കുന്നത് എന്നുമാണ് അപ്പീലിൽ വിവരിച്ചിരിക്കുന്നത്.

ഏവൂർ ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റം ആവശ്യപ്പെട്ടുകൊണ്ടുള്ള അപ്പീൽ അപേക്ഷ സ്റ്റേഷൻ സീനിയോറിറ്റി കുറവായതിനാലും ടി ദേവസ്വം ഹൃദ്രോഗിയായ ശ്രീ.പി. സുരേഷ്കുമാറിന്റെ അപേക്ഷ പരിഗണിച്ച് നൽകിയിട്ടുള്ളതിനാലും ടിയാന്റെ അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു.

ടി സ്ഥലം മാറ്റങ്ങൾ 20-7-2016-ൽ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

(ഒപ്പ്)
ദേവസ്വം കമ്മീഷണർ

അംഗീകാരത്തോടെ

Sreelatha

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

പകർപ്പ്:-

1. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, ഹരിപ്പാട്.
2. സെക്ഷൻഫയൽ.

ശ. 3) EDP Section

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ആർ.ഒ.സി.നം.39/16/മിസ്.ബി.

ദേവസ്വം കമ്മീഷണർ ആഫീസ്,
തിരുവനന്തപുരം: 13/07/2016.

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

വിഷയം:- ഹരിപ്പാട് ഗ്രൂപ്പിലെ പഞ്ചവാദ്യം ജീവനക്കാരുടെ 2016-17 ലെ പൊതു സ്ഥലം മാറ്റം സംബന്ധിച്ച്.

സൂചന :- പാതിരംകുളങ്ങര ദേവസ്വം പഞ്ചവാദ്യം ശ്രീ. ജി. മധുസൂദനന്റെ അപ്പീൽ അപേക്ഷ.

ടിയാന്റെ പൊതു സ്ഥലം മാറ്റ അപേക്ഷയിൽ രാമപുരം, ഏവൂർ, നങ്ങ്യാർകുളങ്ങര എന്നീ ദേവസ്വങ്ങളാണ് ആവശ്യപ്പെട്ടതെന്നും, ടിയാനെ സ്ഥലം മാറ്റത്തിൽ പരിഗണിച്ചിട്ടില്ലാത്തതും, ടിയാൻ ആവശ്യപ്പെട്ടിട്ടുള്ള ഏവൂർ ദേവസ്വത്തിലേയ്ക്ക് ടി ദേവസ്വത്തിൽ ജോലി നോക്കിയ ശ്രീ. എൻ. രാജേന്ദ്രനെയാണ് പരിഗണിച്ചത് എന്നാണ് ടിയാന്റെ അപ്പീലിൽ ആവശ്യപ്പെട്ടത്.

ആകയാൽ ടിയാന്റെ അപ്പീൽ അപേക്ഷ പരിഗണിച്ച് ഏവൂർ ദേവസ്വത്തിൽ ജോലി നോക്കിയിട്ടില്ലാത്ത ശ്രീ. ജി. മധുസൂദനൻനായരെ ഏവൂർ ദേവസ്വത്തിലും ഏവൂർ ദേവസ്വത്തിൽ നിയോഗിച്ചിരുന്ന ശ്രീ. എൻ. രാജേന്ദ്രനെ പി.ഡി. തിരുവലഞ്ഞാൽ ദേവസ്വത്തിലേയ്ക്കും സ്ഥലം മാറ്റി ഉത്തരവായിരിക്കുന്നു.

ടി സ്ഥലം മാറ്റങ്ങൾ 20/07/2016-ൽ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

(ഒപ്പ്)

**ദേവസ്വം കമ്മീഷണർ**

അംഗീകാരത്തോടെ,

Sreekumari

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ,
(അഡ്മിനിസ്ട്രേഷൻ).

**പകർപ്പ്:-**

1) അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, ഹരിപ്പാട്.
2) സെക്ഷൻ ഫയൽ.
3) ഫെയർ ആഫീസ് കോപ്പി.
4) EDP Section

ശ്രീ.

സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ROC.40/16/MIS-C

ദേവസ്വം കമ്മീഷണർ ഓഫീസ്
തിരുവനന്തപുരം
13/ 07 / 2016

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

**വിഷയം:**-ഹരിപ്പാട് ഗ്രൂപ്പിലെ കഴകം ജീവനക്കാരുടെ 2016-2017-ലെ പൊതുസ്ഥലം മാറ്റം സംബന്ധിച്ച്.

**സൂചന:**- കൊറ്റുകുളങ്ങര ദേവസ്വം കഴകം ശ്രീ.പി.അനിൽകുമാറിന്റെ അപ്പീൽ അപേക്ഷ.

പൊതുസ്ഥലം മാറ്റത്തിൽ ടിയാൻ ആവശ്യപ്പെട്ടിട്ടുള്ള ദേവസ്വങ്ങൾ ഒന്നും പരിഗണിച്ചില്ലായെന്നും വളരെ ദൂരവും തിരക്കുള്ള വീയപുരം ദേവസ്വത്തിലേയ്ക്കാണ് സ്ഥലം മാറ്റിയതെന്നും ടിയാന്റെ ശാരീരിക ബുദ്ധിമുട്ടുകൾ പരിഗണിച്ച് പനയന്നാർ കാവ് ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റം നൽകണമെന്നതാണ് അപ്പീലിലെ ആവശ്യം

ടിയാൻ ആവശ്യപ്പെട്ടിരുന്ന സ്ഥലങ്ങളിൽ ഒന്നും ഒഴിവില്ലാത്തതിനാലും സർവ്വീസ് സീനിയറായ ജീവനക്കാർക്ക് നൽകിയിട്ടുള്ളതിനാലും ടിയാന്റെ അപ്പീൽ നിരസിച്ച് ഉത്തരവാകുന്നു. ഈ ഉത്തരവ് 20-7-2016 മുതൽ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

(ഒപ്പ്)

**ദേവസ്വം കമ്മീഷണർ**

**അംഗീകാരത്തോടെ,**

Sreelatha

**ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ**
**(അഡ്മിനിസ്ട്രേഷൻ)**

**പകർപ്പ്-**

1. **അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ-ഹരിപ്പാട്**
2. **സെക്ഷൻ ഫയൽ**
3. **ഫെയർ ഓഫീസ് കോപ്പി**
4. EDP section

*RA*